സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ്)
വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷൻ, ഗോർക്കിഭവൻ

നം.140/വി.സി.ഡി./സി-ഡിറ്റ്/2020 28.02.2020

**താൽപര്യപത്രം ക്ഷണിക്കുന്നു**

**<u>ക്യൂറേറ്റർ & ലോജിസ്റ്റിക് പാർട്ണർ</u>**

## ആമുഖം

സംസ്ഥാനസർക്കാരിനുകീഴിലുള്ള ഒരു സ്ഥാപനത്തിനുവേണ്ടി അന്താരാഷ്ട്ര വനിതാദിനാചരണത്തോടനുബന്ധിച്ച് ജീവജാലകം (Tree of Life Biology and Sociology of Women) എന്ന ആശയത്തെ അധികരിച്ച് സഞ്ചരിക്കുന്ന സയൻസ് എക്സിബിഷൻ (Caravan Exhibition) സജ്ജീകരിക്കുന്നതിനായി പരിചയസമ്പന്നരായ ക്യൂറേറ്റർ & ലോജിസ്റ്റിക് പങ്കാളികളെ ക്ഷണിക്കുന്നു.

## വിശദീകരണം

സ്ത്രീ-ജീവശാസ്ത്രപരമായ വിശകലനം എന്ന വിഷയത്തെ അധികരിച്ചു സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 18 മുതൽ 20 ദിവസം വരെ പര്യടനം നടത്തുവാൻ ഉദ്ദേശിക്കുന്ന സഞ്ചരിക്കുന്ന എക്സിബിഷനിൽ മേൽപ്പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെട്ടിരിക്കണം.

1) മൾട്ടിമീഡിയ പ്രൊജക്ഷനുകൾ
2) സ്ലൈഡുകൾ
3) മൗണ്ടഡ് സ്പെസിമെനുകൾ
4) പോസ്റ്ററുകൾ

## വാഹനസജ്ജീകരണം

ഏററവും കുറഞ്ഞത് 40 അടിയിൽ കുറയാത്ത ട്രക്ക്/ലോറി എന്നിവയിൽ എക്സിബിഷൻ സാമഗ്രികൾ സജ്ജീകരിക്കേണ്ടതാണ്. വാഹനം ശീതീകരണ സംവിധാനത്തോടുകൂടിയതായിരിക്കണം.

## ശബ്ദ/വെളിച്ച ക്രമീകരണം

എക്സിബിഷൻ സാമഗ്രികൾ വാഹനത്തിനുള്ളിലും പുറത്തുമായി പ്രദർശിപ്പിക്കേണ്ടതും ആവശ്യമായ ശബ്ദ/വെളിച്ച സംവിധാനങ്ങൾ ക്രമീകരിക്കേണ്ടതുമാണ്.

## കണ്ടന്റ്

'സ്ത്രീ-ജീവശാസ്ത്രപരമായ വിശകലനം' എന്ന ആശയത്തെ അധികരിച്ച് വിവിധ തലങ്ങൾ ഉൾച്ചേർത്തുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## നിയമാനുസൃത അനുമതി

എക്സിബിഷൻ സജ്ജീകരിക്കുന്ന വാഹനവുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ, മററ് നിയമാനുസൃത അനുമതികൾ (ഉദാ: ഫയർ ആൻഡ് സേഫ്ററി) എന്നിവ സ്വന്തം നിലയിൽ ക്യുറേറ്റർ & ലോജിസ്റ്റിക് പാർട്ണർ ക്രമീകരിക്കേണ്ടതാണ്.

## ഫെസിലിറ്റേഷൻ ക്രമീകരണം

ജീവശാസ്ത്ര സംബന്ധിയായ പ്രദർശനം എന്ന നിലയിൽ പ്രദർശനത്തിനു വിഷയീഭവിക്കുന്ന വിവിധ ഘടകങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ഉണ്ടാവാനിടയുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിനും വിശദീകരണം നൽകുന്നതിനുമായി ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ സാന്നിദ്ധ്യം പ്രദർശന കാലയളവിൽ എക്സിബിഷൻ വാഹനത്തിൽ ഉണ്ടായിരിക്കണം.

## യോഗ്യത, മുൻപരിചയം

പ്രൊപ്പോസലിനോടൊപ്പം ഇതുപോലുള്ള ജീവശാസ്ത്രപരമായ എക്സിബിഷനുകൾ സംഘടിപ്പിച്ച മുൻപരിചയം, യോഗ്യത എന്നിവയും ഇതിന് ഉപോൽബലകമായ രേഖകളും സമർപ്പിക്കേണ്ടതാണ്.

## പ്രൊപ്പോസൽ സമർപ്പിക്കേണ്ട അവസാന തീയതി

വിശദമായ പ്രൊപ്പോസൽ (അനുബന്ധ രേഖകൾ/ചിത്രങ്ങൾ എന്നിവ സഹിതം) മുദ്രവച്ച കവറിൽ **2020 മാർച്ച് 3, ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ്, വൈകുന്നേരം 4:00 മണിക്കകം** താഴെപ്പറയുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

വിദഗ്ദ്ധസമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രൊപ്പോസലുകൾ സമർപ്പിച്ച ക്യുറേറ്റർ & ലോജിസ്റ്റിക് പങ്കാളികളിൽ നിന്നും സാമ്പത്തിക പ്രൊപ്പോസലുകൾ ക്ഷണിക്കുന്നതാണ്.

*പ്രൊപ്പോസൽ സമർപ്പിക്കേണ്ട വിലാസം :*


**രജിസ്ട്രാർ**
സി-ഡിററ്
വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷൻ
ഗോർക്കിഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം – 34
e-mail : vcdcdit@gmail.com